സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കൽ

54 (4636) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2006 മുതൽ 2011 വരെ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പുതിയതും മാറ്റം വരുത്തിയതുമായ പ്രവൃത്തികൾ ഏതൊക്കെയെന്നും അത് മുഖേന നല്കിയ പുതിയ വൈദ്യുതി കണക്ഷൻ എത്ര എന്നും പദ്ധതിയുടെ ഭാഗമായി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയ നിയമസഭാ മണ്ഡലങ്ങൾ റവന്യൂ ജില്ലകൾ ഏതൊക്കെയെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ ഇതിനായി കേന്ദ്ര സഹായം എത്ര ലഭിച്ചുവെന്നും വൈദ്യുതി വകുപ്പും സംസ്ഥാന സർക്കാരും എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(സി) 2011 മുതൽ 2015 വരെ ഈ സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അതുവഴി പ്രസ്തുത പദ്ധതി കൂടുതലായി നടപ്പാക്കിയ നിയമസഭാ മണ്ഡലങ്ങൾ, റവന്യൂ ജില്ലകൾ എന്നിവ ഏതൊക്കെയെന്നും വിശദമാക്കുമോ ;

(ഡി) ഇതിനായി 2011 മുതൽ 2015 വരെ സംസ്ഥാനത്തിന് എത്ര തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും എത്ര തുക ചെലവാക്കി എന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഇ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാൻ ബാക്കിയുള്ള നിയമസഭാ മണ്ഡലങ്ങൾ ഏതെല്ലാമെന്ന ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2006 മുതൽ 2011 വരെ നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പുതിയതും മാറ്റം വരുത്തിയതുമായ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ശേഖരിച്ചു വരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ 4 ജില്ലകൾ പൂർണ്ണമായും വൈദ്യുതീകരിച്ചിരുന്നു. ടി പദ്ധതിയിലൂടെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ നിയമസഭാ മണ്ഡലങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ടി കാലയളവിൽ പുതുതായി നല്കിയ വൈദ്യുത കണക്ഷനുകളുടെ എണ്ണം സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2006 മുതൽ 2011 വരെ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.ജി.വി.വൈ.-ക്ക് കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെയും, പ്രസ്തുത കാലയളവിൽ വൈദ്യുതി വകുപ്പ് ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	ലഭിച്ച തുക (ലക്ഷം രൂപ)	ചെലവായത് (ലക്ഷം രൂപ)
(1)	(2)	(3)
2006-07	502.28	149.87
2007-08	10.25	198.59
2008-09	83.51	817.59
2009-10	1058.603	732.98
2010-11	3189.48	144.81
ആകെ	4844.123	2043.84

(സി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കേരളത്തിലെ 13 ജില്ലകളിൽ (ഇടുക്കി ഒഴികെ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കി ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി വീടുകൾ വൈദ്യുതീകരിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു. മണ്ഡലം തിരിച്ചുള്ള വൈദ്യുതീകരണം ഇപ്പോൾ നിലവിലില്ല :

ക്രമ നമ്പർ	ജില്ലയുടെ പേര്	നൽകിയ വൈദ്യുതി കണക്ഷൻ
(1)	(2)	(3)
1	തിരുവനന്തപുരം	10103
2	കൊല്ലം	5009
3	പത്തനംതിട്ട	2120
4	കോട്ടയം	2423
5	ആലപ്പുഴ	5388
6	എറണാകുളം	1575

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
7	തൃശ്ശൂർ	3676
8	മലപ്പുറം	10360
9	പാലക്കാട്	18215
10	വയനാട്	9959
11	കോഴിക്കോട്	9741
12	കണ്ണൂർ	9347
13	കാസർഗോഡ്	6616
	ആകെ	94532

(ഡി) 2011 മുതൽ 2015 വരെ ആർ.ജി.ജി.വി.വൈ പദ്ധതിക്കുവേണ്ടി ലഭിച്ച കേന്ദ്ര ധനസഹായത്തിന്റെയും ചെലവഴിച്ച തുകയുടെയും കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	ലഭിച്ച തുക (ലക്ഷം രൂപ)	ചെലവാക്കിയ തുക (ലക്ഷം രൂപ
2011-12		2167.16 (2010-11-ൽ ലഭിച്ച തുകയിൽനിന്നും ചെലവാക്കി)
2012-13	5589.59	2444.66
2013-14	2327.04	5814.19
2014-15	1714.57	4719.18
ആകെ	9631.20	15145.19

(ഇ) മണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് നടന്നുവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻദയാൽ ഉപാധ്യായ ഗ്രാമീണ യോജന, സംസ്ഥാന സർക്കാരിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെയും ഫണ്ട് എന്നിവയിലൂടെ സമ്പൂർണ്ണ വൈദ്യുതീകരണം സംസ്ഥാനത്ത് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly